ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് കടാശ്വാസം അനുവദിച്ചു സർക്കാർ ഉത്തരവായിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതുവഴി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പക്കാർക്ക് അനുവദിച്ച് നൽകുന്ന കടാശ്വാസത്തിൽ സർക്കാർ വിഹിതമായി 88.75 കോടി രൂപ സർക്കാർ സഹകരണ വകുപ്പിന് അനുവദിച്ച് നൽകിയിരുന്നു. ടി തുകയിൽ വകുപ്പുതല പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 59.78 കോടി രൂപ സംഘങ്ങൾക്ക് ആദ്യ ഗഡുവായി 3-2-2011-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ കടാശ്വാസ പദ്ധതി പ്രകാരം വായ്പകൾക്ക് ആനുകൂല്യം അനുവദിച്ച് നൽകിയ വകയിൽ കുമ്പളങ്ങി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആർ 147-ന് 17,39,060 രൂപ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അർഹതയുള്ളതായി കണ്ടെത്തുകയും ആയത് 3-2-2011-ൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഘം ഏറ്റെടുക്കേണ്ട ബാധ്യത 2,32,059 രൂപയാണെന്നും കണ്ടെത്തിയിട്ടുണ്ട്. സംഘങ്ങൾക്ക് ഇപ്രകാരം ബാധ്യത ഏറ്റെടുത്തതിലൂടെ ഉണ്ടായ നഷ്ടം പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ റിസ്ക് ഫണ്ട് സ്കീം

22 (985) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തവർ മരണമടഞ്ഞാൽ ഇവരുടെ കുടുംബത്തിന് സഹായമെത്തിക്കാനായുള്ള "സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ" ഉൾപ്പെടുത്തി ഇതുവരെ എത്രപേർക്ക് സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) പ്രസ്തുത സ്കീമനുസരിച്ച് സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തയാൾ മരിക്കുന്ന കേസുകളിൽ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത് ;

(സി) ഇത്തരം ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള വായ്പാ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷികവും കാർഷികേതരവുമായ (സ്വർണ്ണപ്പണയ വായ്പ ഒഴികെയുള്ള) ആവശ്യങ്ങൾക്ക് വായ്പ എടുത്ത ശേഷം മരണമടഞ്ഞ 858 വായ്പക്കാരുടെ കുടുംബത്തിന് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള സഹായം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷികവും കാർഷികേതരവുമായ (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ള) ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ ടിയാൻ മരണപ്പെടുന്ന ദിവസം ടിയാന്റെ വായ്പാ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ മുതൽ തുകയും ടി തുകയുടെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ടിയാന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ്.

(സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള വായ്പ പരിധി നിശ്ചയിച്ചിട്ടില്ല.

സഹകരണ സ്ഥാപനങ്ങളിലെ പൊതുനന്മ ഫണ്ട്

23 (986) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെല്ലാം പൊതു നന്മ ഫണ്ട് നിലനിൽക്കുന്നുണ്ടോ ;

(ബി) പൊതു നന്മ ഫണ്ട് ഉണ്ടെങ്കിൽ ആയത് ഏതൊക്കെത്തരത്തിൽ വിനിയോഗിക്കാമെന്നതിന് എന്തെങ്കിലും രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ ഉണ്ടോ ?

ഉത്തരം

(എ) ലാഭത്തിലുള്ള സഹകരണ സംഘങ്ങളുടെ അറ്റാദായത്തിന്റെ 10 ശതമാനത്തിൽ കവിയാത്ത തുക പൊതു നന്മ ഫണ്ടിലേക്ക് ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി മാറ്റാവുന്നതാണ്. അത്തരം സംഘങ്ങളിൽ പൊതു നന്മ ഫണ്ട് നിലനിൽക്കുന്നുണ്ട്.

(ബി) പൊതുനന്മ ഫണ്ടിലെ തുക 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് 1890-ലെ 6-ാം കേന്ദ്ര ആക്ടിലെ 2-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ വകുപ്പ് 56 ഉപവകുപ്പ് (2)(ഡി)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊല്ലം ചിറക്കരത്താഴം സർവ്വീസ് സഹകരണ ബാങ്ക്

24 (987) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനക്ഷമമല്ലാതായിട്ട് വർഷങ്ങൾ കഴിഞ്ഞ കൊല്ലം ജില്ലയിലെ ചിറക്കരത്താഴം സർവ്വീസ് സഹകരണ ബാങ്കിനെ അതിന്റെ ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്തി അടുത്തുള്ള മറ്റേതെങ്കിലും സർവ്വീസ് സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത ബാങ്കിന്റെ ആസ്തികൾ നശിച്ചു പോകാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly